LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.എസ്.സി.-യുടെ ഒറ്റത്തവണ രജിസ്ട്രേഷന് അപ്ലോഡ് ചെയ്യുന്ന ഫോട്ടോയിൽ പേരും ഫോട്ടോയെടുത്ത തീയതിയുമാണ് (ജനനത്തീയതിയല്ല) രേഖപ്പെടുത്തേണ്ടത്. ഈ നിബന്ധന പാലിക്കാൻ കഴിയാതെപോയ ഉദ്യോഗാർത്ഥികളുടെ പരാതി പരിഗണിച്ച് അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി കഴിഞ്ഞതും എന്നാൽ സെലക്ഷൻ നടപടികൾ ആരംഭിക്കാത്തതുമായ തസ്തികകൾക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷിച്ചവർക്ക് പേരും ഫോട്ടോയെടുത്ത തീയതിയുമുള്ള പുതിയ ഫോട്ടോ അപ് ലോഡ് ചെയ്യുന്നതിന് വൺടൈം സെറ്റിൽമെന്റ് എന്ന നിലയിൽ 2014 ഏപ്രിൽ 1 മുതൽ മേയ് 15 വരെ സമയം അനുവദിക്കുകയുണ്ടായി.

(ബി & സി) പി.എസ്.സി. പരീക്ഷകളിൽ അടുത്ത കാലത്തുണ്ടായ ആൾമാറാട്ടം ശ്രദ്ധിൽപ്പെട്ടതിനെത്തുടർന്ന് ഭാവിയിൽ അവ ഒഴിവാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഉദ്യോഗാർത്ഥികളെ വ്യക്തമായി തിരിച്ചറിയുന്നതിനും ഏറ്റവും അടുത്തകാലത്ത് എടുത്ത ഫോട്ടോയാണെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് ഫോട്ടോയെടുത്ത തീയതിയും അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്. ഈ നിബന്ധന ഒഴിവാക്കുന്ന കാര്യം ഇപ്പോൾ കമ്മീഷന്റെ പരിഗണനയിലില്ല.

പി.എസ്.സി.-യിലെ പരിഷ്കാരങ്ങൾ

70 (7629) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പി.എസ്.സി. പരീക്ഷാനടപടികൾ മെച്ചപ്പെടുത്തുന്നതിനും ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും എന്തൊക്കെ പരിഷ്കാരങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; ഉദ്യോഗാർത്ഥികൾക്ക് ഇത് എത്രത്തോളം ഗുണം ചെയ്യും ; വിശദാംശം നൽകുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-യിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

71 (7630) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ജോലിയിൽ പ്രവേശിക്കുന്നവരുടെ വെരിഫിക്കേഷൻ യഥാസമയം പൂർത്തിയാക്കാൻ കഴിയുന്നില്ല എന്ന് വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം ജില്ല ഒഴികെയുള്ള പി.എസ്.സി. ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ കുറവാണ് ഇതിന് കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ സർവ്വീസിൽ പ്രവേശിക്കുന്നവരുടെ വെരിഫിക്കേഷൻ യഥാസമയം പൂർത്തിയാക്കുന്നതിന് പി.എസ്.സി.യിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2010 മുതൽ നിയമന ശിപാർശ നടത്തിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	എണ്ണം
2010	44272
2011	33153
2012	28425
2013	39183
2014 (ഏപ്രിൽ മാസം വരെ)	10133
ആകെ	155166

(ബി & സി) പി.എസ്.സി. വഴി നിയമനം ലഭിച്ച ഉദ്യോഗസ്ഥരുടെ നിയമന പരിശോധന കമ്മീഷന്റെ ആസ്ഥാന ഓഫീസുകളിലും മറ്റ് ജില്ലാ റീജിയണൽ ഓഫീസുകളിലും നടത്തിക്കൊണ്ടിരിക്കുകയാണ് നിയമനം ലഭിച്ചവരുടെ നിയമന പരിശോധന സമയബന്ധിതമായി പൂർത്തിയാക്കിവരുന്നു.

പുതുതായി നിയമനം ലഭിക്കുന്നവർക്ക് പരിശീലനത്തിന് നടപടി

72 (7631) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിൽ ബോധപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ അച്ചടക്കനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും കുറഞ്ഞത് രണ്ടുമാസത്തെയെങ്കിലും ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇങ്ങനെ പരിശീലനം നൽകാൻ രണ്ട് ജില്ലയ്ക്ക് ഒന്ന് എന്ന ക്രമത്തിൽ ഏഴ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് ബോധപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസിലെ ചട്ടങ്ങളനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly